## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2874 — 02.4.2013- ൽ മറുപടിക്ക്

### കയർഫെഡിന്റെ റൂറൽ ബിസിനസ്സ് ഹബ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, ആർ. സെൽവരാജ്<br>,, ലൂഡി ലൂയിസ്<br>,, ഷാഫി പറമ്പിൽ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർഫെഡിന്റെ റൂറൽ ബിസിനസ്സ് ഹബ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) കയറും മറ്റ് സ്വാഭാവിക നാരുകളും ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അതുവഴി ടി ഉൽപ്പന്നങ്ങളുടെ വ്യാപനവും വിപണനവും വർദ്ധിപ്പിക്കുന്നതും പ്രകൃതി സൗഹൃദ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക എന്നതുമാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) കയർ ഉൽപന്നങ്ങളുടെ ഗ്രാമീണ വിപണനത്തിന് ഏതെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ; | (സി) ഗ്രാമീണ മേഖലകളിൽ കൂടുതൽ വിപണന കേന്ദ്രങ്ങൾ സ്വന്തമായും സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവയുമായി ചേർന്ന് സ്ഥാപിക്കുക, താൽക്കാലിക പ്രദർശന വിപണന മേളകൾ, സീസണൽ കയർ മേളകൾ സംഘടിപ്പിക്കുക എന്നിവയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) കയർഫെഡ് നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ